പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) സംസ്ഥാന ഗവണ്മെന്റു് ആരേയും നിയമിച്ചിട്ടില്ല. എന്നാൽ താഴെ പറയുന്നവരെ കേന്ദ്രം നേരിട്ടു് നിയമിച്ചിട്ടുണ്ടു്. സതേൺ റീജിയണിൽ ശ്രീമതി ലീലാ മോഹൻദാസിനേയും, നാർത്തേൺ റീജിയണിൽ ശ്രീമതി കോന്നിയൂർ മീനാക്ഷി അമ്മയേയും, കൂടാതെ ജില്ലകളിൽ തിരുവനന്തപുരത്തു് ഡാക്ടർ കൃഷ്ണൻതമ്പി, കൊല്ലത്തു് ശ്രീമതി തങ്കമ്മാ സ്റ്റീഫൻ, ആലപ്പുഴയിൽ ശ്രീമതി നഫീസത്തുബീവി, കോട്ടയത്തു് ശ്രീമതി ലക്ഷ്മി കൃഷ്ണമൂർത്തി, എറണാകുളത്തു് ഡാക്ടർ ഓ. കെ. മാധവിയമ്മ, തൃശ്ശൂർ ശ്രീമതി ശാരദാബാലകൃഷ്ണൻ, പാലക്കാടു് ശ്രീമതി അമ്മാളുകുട്ടിയമ്മ, കോഴിക്കോടു് ശ്രീമതി ശാന്താബാലകൃഷ്ണൻ, കണ്ണൂർ കുമാരി സീതാഗോപാലൻ എന്നിവരേയും നിയമിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

കുടുംബാസൂത്രണ പ്രസ്ഥാനത്തിൽ സേവനം നടത്തുന്ന സാമൂഹ്യപ്രവർത്തകർ.

* 645. [13] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടുംബാസൂത്രണ പ്രസ്ഥാനത്തിൽ ഓണറി സേവനം നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യപ്രവർത്തകരെ ജോലിയിൽ നിന്നും പിരിച്ചുവിടാൻ ഗവണ്മെൻറാലോചിക്കുന്നുണ്ടോ ;

(ബി) അങ്ങനെ പിരിച്ചുവിടുന്നവരുടെ എണ്ണം എത്ര

(സി) അവരെ പിരിച്ചുവിടാനുള്ള കാരണം എന്തു് ;

(ഡി) അവർ ചെയ്തിരുന്ന ജോലി ആരെക്കൊണ്ടു് ചെയ്യിക്കുവാനാണു് ഉദ്ദേശിക്കുന്നതു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) തൃപ്തികരമായി സേവനം നടത്തിക്കൊണ്ടിരിക്കുന്നവരെ പിരിച്ചുവിടണമെന്നുദ്ദേശിക്കുന്നില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഫാമിലി പ്ലാനിംഗ് സെൻറുകൾ.

* 646. [16] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* (എ) സ്റ്റേറിലാകെ എത്ര ഫാമിലി പ്ലാനിംഗ് സെൻറുകൾ ഇന്നു പ്രവർത്തിക്കുന്നുണ്ടു് ;

(ബി) ഇവയിലെല്ലാംകൂടി ഇന്നു് എത്ര സാമൂഹ്യ പ്രവർത്തകർ പണിയെടുക്കുന്നുണ്ടു് ;

(സി) ഇവരെ റിക്രൂട്ടുചെയ്യുന്നതു് പബ്ലിക് സർവ്വീസു് കമ്മിഷനാണോ ;

(ഡി) ഇവർക്കു് മിനിമം നിശ്ചയിച്ചിരുന്ന പരീക്ഷായോഗ്യത (qualifications) എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ഇന്നു് എസ്സു്. എസ്സു്. എൽ. സി. യോ തത്തുല്യമായ പരീക്ഷാ യോഗ്യതകളോ ഇല്ലാത്ത എത്രപേർ ഫാമിലി പ്ലാനിംഗ് സെൻറുകളിൽ പണിയെടുക്കുന്നുണ്ടു് ;

(എഫു്) ഇവക്കു് പ്രത്യേകമായി ട്രെയിനിംഗു് കൊടുത്തിട്ടുള്ളതാണോ ;

(ജി) ഇവരെ സർവ്വീസിൽനിന്നും പിരിച്ചയക്കുവാൻ പോകുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 332

(ബി) 596

(സി) അല്ല.

(ഡി) സ്റ്റഡീഡു അപ്പറു എസ്സു്. എസ്സു്. എൽ. സി. / ഈ എസ്സു്. എൽ. സി.

(ഈ) 209

(എഫു്) 164 പേർക്കു് പ്രത്യേകം ട്രെയിനിംഗു് കൊടുത്തിട്ടുണ്ടു്. ബാക്കി 45 പേർക്കു് ഇനിയും ട്രെയിനിംഗു് കൊടുക്കാനുണ്ടു്.

(ജി) തൃപ്തികരമായി സേവനം അനുഷ്ഠിക്കുന്നവരെ പിരിച്ചുവിടാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നില്ല.

ശ്രീ. മാലേത്തുഗോപിനാഥ പിള്ള : ഇവരുടെ പ്രത്യേക ജോലി എന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഫാമിലി പ്ലാനിംഗു് പ്രോപ്പഗണ്ട യാണു് പ്രത്യേകമായി ഉദ്ദേശിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ പ്രോപ്പഗണ്ടകൊണ്ടു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു് എന്താണു് ? ഇത്ര പ്രജകളെ മാത്രമേ ഉൽപാദിപ്പിക്കാവൂ എന്ന പ്രചരണം നടത്തുകയാണോ ഇവരുടെ ജോലി ? ഈ രംഗത്തു് ഇതുവരെ പ്രവർത്തിച്ചിട്ടുള്ളതിൻറെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ വാസക്ടമി മാത്രമേ ഫലപ്രദമായിട്ടുള്ളൂ. പിന്നെ ഈ പ്രചരണത്തിൻറെ ആവശ്യമെന്താണു് ? ജനങ്ങളിൽനിന്നു് നികുതിയായി പിരിക്കുന്ന ഈ പണം ഇങ്ങനെ വെറുതെ വേസ്റ്റു ചെയ്യാതെ ഈ ഏർപ്പാടൊന്നു പുനഃപരിശോധിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മൂന്നു ചോദ്യമാണു് മെമ്പർ ചോദിച്ചിരിക്കുന്നതു്. പ്രോപ്പഗണ്ട എന്ന വാക്കിൻറെ അർത്ഥം മിസ്റ്റർ ഗോപാലനു് ഞാൻ പറയാതെതന്നെ അറിയാമെന്നാണു് എനിക്കു് തോന്നുന്നതു്. ഫാമിലി പ്ലാനിംഗിനെപ്പറ്റി പ്രോപ്പഗണ്ട നടത്തുകയാണു് ഇവരുടെ ജോലി. പിന്നെ വാസക്ടമി മാത്രമേ ഫലപ്രദമായ നടപടിയായിട്ടുള്ള എന്നു ഇവിടെ പറയുകയുണ്ടായി. അതു അഭിപ്രായവ്യത്യാസമുള്ള കാര്യമാണു്. കാൺട്രാസെപ്റ്റീവ്സിനു കൂടുതൽ പ്രചരണം നടത്തണമെന്നുള്ള അഭിപ്രായഗതിയും ഉണ്ടായിട്ടുണ്ടു്. ഏതായാലും വാസക്ടമി കൂടുതൽ ഫലപ്രദമായിരിക്കുമെന്നുള്ള നിലയിലാണു് അതു് സ്വീകരിച്ചിട്ടുള്ളതു്. വാസക്ടമിക്കു് കൂടുതൽ പ്രചരണം നടത്താനും അതിനു് കൂടുതൽ ആളുകളെ വിധേയമാക്കാനുള്ള ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണു്. അടുത്ത സാമ്പത്തിക വർഷത്തിൽ ഈ രംഗത്തു് കൂടുതൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഓരോ ജില്ലയിലും കുറേ മഹിളാമണികളെ നിയമിച്ചിട്ടുണ്ടല്ലോ. അവർക്കു് മാസംതോറും വല്ല പ്രോത്സാഹനവും ഈ ഗവണ്മെൻറിൽ നിന്നു കൊടുക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ ഗവണ്മെൻറു് അവർക്കു് ഒന്നും നൽകുന്നില്ല. കേന്ദ്രഗവണ്മെൻറിൻറെ അലവൻസുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ സാമൂഹ്യപ്രവർത്തകരെ പിരിച്ചുവിട്ടിട്ടില്ലെന്നു മന്ത്രി പറയുകയുണ്ടായി. അവർക്ക് ഇന്നുകൊടുത്തുവരുന്ന വേതനം മദ്രാസിൽ കൊടുക്കുന്നതിനേക്കാൾ വളരെ കുറവായതുകൊണ്ട് അതൊന്ന് കൂട്ടി കൊടുക്കുന്നതിനു വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല കപ്പാളിഫിക്കേഷനുള്ള ആളുകളെ റഗുലർ സപ്ലൈസിലെടുക്കാനും, സെലക്ഷൻ നടത്തി പ്രത്യേകം ടെയിനിംഗ് കൊടുക്കാനും ഗവണ്മെൻറ് ഉദ്ദേശിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഇതുപോലുള്ള പ്രചരണത്തിനുവേണ്ടി ആളുകളെ എടുക്കുമ്പോഴും എം. എൽ. എ. മാരെ എടുക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എം. എൽ. എ. മാർക്ക് അങ്ങനെ അയോഗ്യത കല്പിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : ഫാമിലി പ്ലാനിംഗ് പ്രോപ്പഗണ്ടയ്ക്കുവേണ്ടി കുറേ ആളുകളെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഈ ഫാമിലി പ്ലാനിംഗ് അനുസരിച്ചു അവരുടെ സ്വന്തം പ്രവൃത്തി ചെയ്യുന്നുണ്ടോ ?

മി. സ്പീക്കർ : അതിനു ഉത്തരം പറയേണ്ട.

ഊളമ്പാറ മെൻറൽ ആശുപത്രി

* 647. [12] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം ഊളമ്പാറ മെൻറൽ ആശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളാണുള്ളതു് ;

(ബി) ഇപ്പോൾ അവിടെ എത്ര രോഗികളുണ്ട് ;

(സി) രോഗികളുടെ സംഖ്യയുടെ കൂടുതൽ അനുസരിച്ചു് അവിടെ വേണ്ടതായ അറൻറർമാർ, പുരുഷ നഴ്സുമാർ തുടങ്ങിയ താണതരം ജോലിക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) അവിടെയുള്ള പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും ആവശ്യമായ മെയിൻറനൻസ് നടത്തുന്നതിനും മറ്റും എർപ്പാടുകൾ ചെയ്യുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 141 പുരുഷന്മാരും 60 സ്ത്രീകളും ഉൾപ്പെടെ 201 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമാണുള്ളതു്.

(ബി) 979.

(സി) 14 വാർഡറന്മാരേയും 6 ക്ലീനറന്മാരേയും ടെമ്പററി അടിസ്ഥാനത്തിൽ കൂടുതലായി നിയമിച്ചിട്ടുണ്ട്.

(ഡി) പഴയകെട്ടിടം പുതുക്കിപ്പണിയുന്ന പ്രശ്നം തൽക്കാലമില്ല. ഒരു പേ വാർഡ് പുതുതായി പണിതുകൊണ്ടിരിക്കുന്നു. മെയിൻറനൻസ് യഥാവിധി നടത്താറുണ്ട്.

ശ്രീ. എം. എം. മത്തായി : മുൻപു് രോഗികളെ ഊളമ്പാറ ചികിത്സയ്ക്കു കൊണ്ടുപോകുന്നതു് സുഖക്കേടു ഭേദമായി തിരിച്ചു വീട്ടിൽ വരുമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല. എന്നാൽ ഇന്നവിടെപ്പോയി ചികിത്സിച്ചാൽ തിരിച്ചു വീട്ടിൽ പോകാമെന്നുള്ള ഒരു സ്ഥിതിയുണ്ടായിട്ടുണ്ട്. പക്ഷേ അവിടെ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനു് കെട്ടിടസൗകര്യമൊന്നുമില്ല. അതുകൊണ്ട് അവിടെ ആവശ്യമായ കെട്ടിടങ്ങൾ പണിയുന്നതിനും ബഹുമാനപ്പെട്ട മന്ത്രിതന്നെ ആശുപത്രിയിൽപ്പോയി നേരിട്ട് അവിടത്തെ അസൗകര്യങ്ങൾ ഒന്നു കണ്ടറിയുന്നതിനും ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly